




# വെളിച്ചത്തിലെ അഗ്നി

സി. ആൻഡ്രുസ്സ്

**(ഇംഗ്ലീഷിൽ എഴുതിയ കവിതയുടെ രണ്ടു സ്വതന്ത്ര പരിഭാഷകൾ ഇംഗ്ലീഷ് കവിതയും താഴെ കൊടുക്കുന്നു)**

## (1)

ഈ ജഗത്തിന്റെ ജ്യോതി,

നിന്നിലെ ഊർജ്ജം തന്നെ.

ഉജ്ജ്വലിപ്പിക്കൂ നീയ്യാ,

പ്രപഞ്ച പ്രകാശത്തെ.

അന്നമായിട്ടും അല്ല മന്നയായിട്ടും,
നീയ്യാ വിളക്ക് തെളിയിക്കാൻ ,
ഇന്ധനം കരുതുക.
കെട്ടുപോകാതെ ദീപം,
നിത്യവും കരുതണം,
കെട്ടുപോയെങ്കിൽ അഗ്നി,
മരണം സുനിശ്ചിതം.
മരണം ജനിക്കുന്നു,
നമ്മളോടൊപ്പം തന്നെ,
പിരിഞ്ഞ് പോകുന്നതും,
നമ്മളെ കൂട്ടി തന്നെ.
നല്ല ശീലങ്ങൾ,
നല്ല ചിന്തകൾ നിറയ്ക്കുന്നു,
വിളക്കിൽ എണ്ണക്കിണർ.
ആ ദീപനാളം ചില വേളയിൽ.
അനുരാഗി, യായിടും ചിരിച്ചിടും,
ഉന്മത്തനാക്കും നിന്നെ.
നീയ്യറിയാതെ അവൾ,
ദാസനാക്കീടും നിന്നെ.
സൗരഭ്യം വമിക്കുന്ന
വീഞ്ഞിൽ നീ ആറാടിടും
അവൾതന്നെ ആശ്ലേഷത്തിൽ
ജീവഹാനിയും വരും.

ഓർമ്മവേണമീ ദീപം

നിന്നുടെ വഴിക്കാട്ടി

എണ്ണയൊഴിച്ചീടുക

കത്തട്ടെ നിറദീപം.

വെളിച്ചം നൽകുമ്പോഴും

കത്തുന്നു പാവം അഗ്നി

ജീവിതം അതേപോലെ

അഗ്നിയാണെല്ലാമെല്ലാം

---

# (2)

# ആ അഗ്നി അണഞ്ഞാൽ

നിന്നിലെ ഊർജ്ജം ഈ പ്രപഞ്ചത്തിൻെറ

പ്രസരിപ്പാണ്

അതിനെ എപ്പോഴും ജ്വലിപ്പിച്ച് നില നിർത്തുക

അന്നമായോ, മന്നയായോ നീ എന്തു പേ രു് വിളിച്ചാലും

അതിനെ ദീപ്തമത്താക്കാനുള്ള

ഇന്ധനം എന്നും നിറച്ച് വയ്ക്കുക

നിന്നിലെ ആ അഗ്നി കെടുന്ന നിമിഷം

നിൻെറ മരണമാണ്

ആ മരണം നമ്മോടൊപ്പം ജനിച്ചതാണ്

അതു നമ്മെ വിടാതെ നമ്മോടൊപ്പം ജീവിതത്തിൽ കൂടെയുണ്ട്

നിഷേധാത്മകതയാണു മരണം

നമ്മളിലെ ഊർജ്ജമാണ് ധനാത്മകതയെന്ന അഗ്നി

കഴിയുംവണ്ണം അതിനെ കത്തിച്ച് നിർത്തുക

അനിയന്ത്രിതമായ ലൗകിക കേളികൾ കൊണ്ട്

നിന്നെ മദിപ്പിക്കുന്ന, ഉന്മാദിയാക്കുന്ന

നിൻെറ കാമുകിയെപോലെ,

സുഗന്ധം പരത്തികൊണ്ട് നിന്നെ ഉന്മത്തനാക്കുന്ന വീഞ്ഞിനെ പോലെ

നിന്നെ അതു ഉറക്കാതിരിക്കട്ടെ

എന്നാൽ ഒരിക്കൽ അവളുടെ തന്നെ ആലിംഗനത്തിൽ

നീ നിത്യനിദ്രയിലാണ്ടുപോകും

# THE FIRE WITHIN YOU

## C. ANDREWS

Fire within you is the energy of the Cosmos.

Keep it bright and burning,
give it the right fuel, 'annem, manna,food ' what ever you want to name it.
Once the fire within you cools down, that is death.
Death we are born with, the very time we are born.
Death never left us, he was with us all the time.
Negativity is death, fire is positive energy
keep it burning as much as you can
like your new beloved intoxicated in sweet smelling wine
let her keep you awake in all that wild sensual games
but finally you fall to a sweet slumber in deep embrace.

**********